# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 603

06.02.2013 ൽ മറുപടിയ്ക്ക്

## ഭക്ഷ്യധാന്യ സബ്സിഡിക്കുള്ള ബഡ്ജറ്റ് വിഹിതം

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| ക്രമ നം. | ചോദ്യം | ഉത്തരം |
|---|---|---|
| എ. | മാവേലി സ്റ്റോർ, ത്രിവേണി സ്റ്റോർ, നീതി സ്റ്റോർ എന്നിവിടങ്ങളിലൂടെയുള്ള ഭക്ഷ്യ ധാന്യ സബ്സിഡിക്ക് 2011-2012 , 2012-2013 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എത്ര തുക വീതമാണ് വകയിരുത്തിയിരുന്നത് ; വിശദമാക്കുമോ; | വിപണിയിൽ ഇടപെട്ട് അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നിവയ്ക്ക് 2011-2012 ൽ യഥാക്രമം 130.25 കോടി രൂപയും 30 കോടി രൂപയും 2012-2013 ൽ യഥാക്രമം 135 കോടി രൂപയും 70 കോടി രൂപയും അനുവദിച്ചു. ഇതിനു പുറമേ റേഷൻ സബ്സിഡിയ്ക്കായി 2011-2012, 2012-13 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 650 കോടി രൂപയും 586 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| ബി. | ഇതിൽ എത്ര ചെലവഴിച്ചു എന്ന് വിശദമാക്കുമോ; | 2011-12, 2012-13 (31.12.2012 വരെ) വർഷങ്ങളിൽ ചെലവായ തുകയുടെ വിശദ വിവരം |

(രൂപ കോടിയിൽ)

| | 2011-12 | 2012-13 (31.12.2012 വരെ) |
|---|---|---|
| സപ്ലൈകോ | 118.35 | 65.00 |
| കൺസ്യൂമർ ഫെഡ് | 30.00 | 44.50 |
| റേഷൻ സബ്സിഡി | 649.58 | 513.80 |

| | | |
|---|---|---|
| സി. | മുൻ സർക്കാരിന്റെ കാലത്ത് ഭക്ഷ്യധാന്യ സബ്സിഡിക്കായി മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് 5 വർഷം ആകെ എത്ര തുക വകയിരുത്തിയിരുന്നു; വിശദമാക്കുമോ? | മുൻ സർക്കാരിന്റെ കാലത്ത് 2006-2007 മുതൽ 2010-2011 വരെ ഭക്ഷ്യധാന്യ സബ്സിഡിക്കായി താഴെ പറയുന്ന പ്രകാരം 1369.78 കോടി രൂപ വകയിരുത്തിയിരുന്നു:<br><br>സപ്ലൈകോ - 322.31 കോടി രൂപ<br>കൺസ്യൂമർ ഫെഡ് - 117.71 കോടി രൂപ<br>റേഷൻ സബ്സിഡി - 929.76 കോടി രൂപ |

അക്കൗണ്ട്സ് ഓഫീസർ